# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1689      05.02.2019 -ലെ മറുപടിയ്ക്ക്

**ഉന്നത വിദ്യാഭ്യാസ പാഠ്യപദ്ധതിയിൽ മാറ്റങ്ങൾ**

*ചോദ്യം*
ശ്രീ.എ.പി. അനിൽ കുമാർ

*ഉത്തരം*
**ശ്രീ.കെ.ടി.ജലീൽ**
**(ഉന്നതവിദ്യാഭ്യാസവുംന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )**

| | | | |
|---|---|---|---|
| (എ) | കേരളം വിദ്യാഭ്യാസ രംഗത്ത് മുന്നിലാണെങ്കിലും ഉന്നത വിദ്യാഭ്യാസ രംഗത്ത് പിന്നോക്കം പോകുന്ന അവസ്ഥ ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉന്നത വിദ്യാഭ്യാസ രംഗത്ത് പിന്നോക്കം പോകാതിരിക്കുന്നതിനും ഗുണപരമായ നേട്ടങ്ങൾ കൈവരിക്കുന്നതിനുമായി ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. യൂണിവേഴ്സിറ്റിതല പഠന-ബോധന പ്രക്രിയയുടെ ഗുണനിലവാരം വർദ്ധിപ്പിക്കുവാൻ ഔട്ട്കം ബേസ്ഡ് എഡ്യൂക്കേഷനും ഗ്രാജ്വേറ്റ് ആട്രിബ്യൂട്ടുകൾക്കും ഊന്നൽ നൽകുന്ന സമീപനമാണ് കൗൺസിൽ സ്വീകരിച്ചിരിക്കുന്നത്. ഇതിനനുസൃതമായി കരിക്കുലവും സിലബസ്സും പരിഷ്കരിക്കാൻ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്കായി പരിശീലനപരിപാടികളും ശില്പശാലകളും അദ്ധ്യാപകർക്കുള്ള പരിശീലന പരിപാടികളും സംഘടിപ്പിച്ചുവരുന്നു. |
| (ബി) | ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, വെർച്വൽ റിയാലിറ്റി എന്നിവയുടെ കാലഘട്ടത്തിൽ ഉന്നത വിദ്യാഭ്യാസ പാഠ്യപദ്ധതിയിൽ കാതലായ മാറ്റങ്ങൾ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ബോധ്യമായിട്ടുണ്ടോ; | (ബി) & (സി) | ആധുനിക കാലത്തിന്റെ മാറ്റങ്ങൾക്ക് അനുസൃതമായി വിദ്യാഭ്യാസ പാഠ്യപദ്ധതിയിൽ കാതലായ മാറ്റങ്ങൾ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ബോധ്യമായിട്ടുണ്ട്. ഇതിന്റെ ഭാഗമായി പരമ്പരാഗത പഠന വകുപ്പുകൾക്ക് പുറമേ നാനോ സയൻസ് & ടെക്നോളജി, എനർജി മെറ്റീരിയൽസ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & റോബോട്ടിക് എന്നീ പഠനവകുപ്പുകൾ സർവ്വകലാശാലകളിൽ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) | ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ